**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4566** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ മുഴുവൻ വീട്ടുകളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ കോളനിയിലും എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ടെന്ന് അറിയിക്കുമോ; | (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ വീട് പണി പൂർത്തിയാവാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ ഒഴികെ 5 പട്ടികജാതി വീട്ടുകളിലാണ് നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ഇനിയും ലഭിക്കാത്ത പട്ടികജാതി കോളനിയിലെ കുടുംബങ്ങൾക്ക് ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ഇനിയും ലഭിക്കാത്ത പട്ടികജാതി കോളനിയിലെ 5 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് KSEB യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ